**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4647** **19-03-2025 - ൽ മറുപടിയ്ക്ക്**

**വയനാട് വന്യജീവി സങ്കേതത്തിൽ നിന്നും കുടുംബങ്ങളെ മാറ്റിപ്പാർപ്പിക്കുവാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം രാജഗോപാലൻ | | ശ്രീ. എ. കെ. ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | വയനാട് വന്യജീവി സങ്കേതത്തിനകത്ത് അധിവസിക്കുന്ന കുടുംബങ്ങളെ വനത്തിന് പുറത്തേക്ക് മാറ്റി പാർപ്പിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ? | (എ) | വയനാട് വന്യജീവി സങ്കേതത്തിനുള്ളിലെ 14 സെറ്റിൽമെന്റുകളിലുള്ള 800 കുടുംബങ്ങളിൽ അർഹതപ്പെട്ട 643 കുടുംബങ്ങൾ അനുയോജ്യമായ മറ്റു സ്ഥലങ്ങളിലേക്ക് മാറി താമസിക്കുവാൻ സന്നദ്ധത അറിയിച്ചതിനെ തുടർന്ന് കേന്ദ്രാവിഷ്കൃത പദ്ധതിയായ Integrated Development of Wildlife Habitats (IDWH – CSS 60:40) പ്രകാരം "വയനാട് സന്നദ്ധ പുനരധിവാസ പദ്ധതി" നടപ്പിലാക്കി വരുന്നു. ഇതു പ്രകാരം നാളിതുവരെ 445 അർഹതാ കുടുംബങ്ങൾക്ക് ധനസഹായം വിതരണം ചെയ്യുകയും അതിൽ 333 കുടുംബങ്ങൾ ഇതിനകം സംരക്ഷിത മേഖലയിൽ നിന്നും കൂടുതൽ മെച്ചപ്പെട്ടതും സുരക്ഷിതവുമായ സ്ഥലത്തേക്ക് സ്വയം മാറി താമസിക്കുകയും ചെയ്തിട്ടുണ്ട്.<br>പ്രസ്തുത പദ്ധതിയുടെ തുടർ പ്രവർത്തനങ്ങൾക്കായി 2024-25 സാമ്പത്തിക വർഷത്തിൽ കേന്ദ്ര-സംസ്ഥാന വിഹിതമായ 922.50 ലക്ഷം രൂപ പദ്ധതിയുടെ നോഡൽ ഓഫീസറായ വയനാട് ജില്ലാ കളക്ടറുടെ SNA അക്കൗണ്ടിലേക്ക് നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ